DESPATCHED
On..05/03/2020...
16/1/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 845*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7046**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സുധീഷ് കുമാർ കെ.എസ്.,
കുന്നാണ്ടിയിൽ വീട്, കുളത്തൂർ പി.ഒ.,
തിരുവനന്തപുരം, പിൻ – 695 583. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.

2. അപ്പീൽ അധികാരി&
ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.12.2018/26.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുധീഷ്കുമാർ സി.എസ്., 27.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ

കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.845(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിന് ഭാഗീകമായ മറുപടിയാണ് നൽകിയതെന്നും ആകയാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 12.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, RIA വിഭാഗത്തിൽ നിന്നും എസ്.എസ്.1(1) വിഭാഗത്തിന് നൽകിയ 15.7.2016, 21.4.2017, 24.4.2017 എന്നീ തീയതികളിലെ RIA(1)10065/11/GW നമ്പർ അനൗദ്യോഗിക കുറിപ്പുകളുടെയും അവയോടൊപ്പം കൈമാറിയ രേഖകളുടെയും പകർപ്പുകൾ നൽകണമെന്നും എസ്.എസ്.1(1)406/16 നമ്പർ ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 12.12.2018ന് നൽകിയ മറുപടിയിൽ ക്രമനമ്പർ 4ന് ടിയാനെതിരെയുള്ള അച്ചടക്ക നടപടി, അപ്പീൽ പുന:പരിശോധനാ ഹർജി എന്നിവ തീർപ്പു കൽപ്പിക്കുമ്പോൾ KCS&CCA Rules 1960, MDP, KPSC MANUAL എന്നിവയിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ക്രമനമ്പർ 1, 2, 3 ചോദ്യങ്ങൾക്കുള്ള വിവരം ശേഖരിച്ചു വരുന്നുവെന്നും ആയതു ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം ഹർജിക്കാരനെ അറിയിക്കുമെന്നാണ്. തുടർന്ന് 26.12.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 3 എന്നീ ഇനങ്ങൾക്ക് ബന്ധപ്പെട്ട വിഭാഗത്തിൽ നിന്നും കൈമാറിയിട്ടുള്ള റിപ്പോർട്ടിന്റെയും അനൗദ്യോഗിക കുറിപ്പുകളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നും 2-ാം ഇനത്തിന് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടികൾ സംബന്ധിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ രഹസ്യ സ്വഭാവമുള്ളതായതിനാൽ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1)(സി)(ജെ) പ്രകാരം വിവരം വെളിപ്പെടുത്തൽ പൊതുജന താല്പര്യപ്രകാരം ന്യായീകരിക്കുന്നുവെന്നും ബോധ്യപ്പെടുന്നുവെ

ങ്കിൽ അല്ലാതെ വിവരം നൽകുന്നതിന് ബാധ്യതയുണ്ടായിരിക്കുകയില്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനാലും കുറിപ്പ് ഫയലിന്റെ പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 05.01.2019ന് നൽകിയ മറുപടിയിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടി വന്നതിനാലാണ് ഇടക്കാല മറുപടി ഹർജിക്കാരന് നൽകിയിരുന്നതെന്നും ലഭ്യമാക്കാവുന്ന മറുപടി 27.12.2018ന് ടിയാന് അയച്ചതായി കാണുന്നുവെന്നും മറ്റു നടപടികളൊന്നും അവശേഷിക്കുന്നില്ല എന്നും അറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 19.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ലെന്നും എൻക്വയറി റിപ്പോർട്ടും നൽകിയില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എൻക്വയറി പ്രൊസീഡിംഗ്സ് പൂർത്തിയാകാത്തതുകൊണ്ട് ഫയൽ നോട്ട് നൽകിയിട്ടില്ലെന്നും റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തതിനാലും വീണ്ടും പ്രോസ്സസ്സിംഗ് നടന്നുകൊണ്ടിരിക്കുന്നതിനാലും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാമെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ ടി മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM